(ഇ) ഈ വില്ലേജ് കോട്ടിന്നടുത്ത് ഒരുകാലത്ത് ചന്തയായി ഉപയോഗിച്ചിരുന്നതും ഇപ്പോൾ തരിശായിക്കിടക്കുന്നതുമായ പുറമ്പോക്ക സ്ഥലം ഇല്ലേ;

(എഫ്) ഈ കോട്ടിനുവേണ്ടി എത്ര സ്ഥലമാണ് അകപയർ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്?

റാവു ബഹദൂർ ടി. കെ. നായർ:

(എ) അഡൂർ വില്ലേജ് കോട്ട് നടത്തിവരുന്ന സ്ഥലം ആലത്തൂർ വില്ലേജിൽ കമ്പിടി ദേശത്തു കണ്ണംപിള്ളി ഔസേപ്പ് മകൻ അന്തോണിയുടെ വകയാകുന്നു. മുകുന്ദപുരം താലൂക്ക് കല്ലൂർ തെക്കുംമുറി വില്ലേജിൽ അന്നമനടയിലാണ് പ്രസ്തുത കോട്ട് സ്ഥിതിചെയ്യുന്നത്.

(ബി) അറിഞ്ഞുകൂടാ.

(സി) വില്ലേജ് കോടതി, പഞ്ചായത്താപ്പീസ് ഇവയുടെ ആവശ്യത്തിലേക്ക സ്ഥലം അകപയർചെയ്യുന്ന കാര്യം ഗവമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നുണ്ട്.

(ഡി) കല്ലൂർ തെക്കുംമുറി വില്ലേജിൽ അന്നമനട ദേവസ്വംവക സർവ്വെ വ നമ്പർ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) വില്ലേജ് കോടതി, പഞ്ചായത്താപ്പീസ് എന്നിവയുടെ ആവശ്യത്തിലേക്ക സ്ഥലം അകപയർ ചെയ്യുന്ന കാര്യം തീരുമാനിച്ചിട്ടില്ല. അതുകൊണ്ട് എത്ര സ്ഥലം വേണ്ടിവരുമെന്ന പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ദേവസ്വം വക ഭൂമിയെന്നു പറഞ്ഞ ഈ സ്ഥലത്തിന്റെ കൈവശക്കാരൻ ആരാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിന്നു നോട്ടീസ് വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവിടെ ഗവമ്മെണ്ടു വകയായിട്ടുള്ള സ്ഥലം എത്രയുണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവിടെ പുറമ്പോക്ക സ്ഥലം ഉണ്ടെന്നു തോന്നുന്നില്ല. കൂടുതൽ വിശദമായിട്ട പറയണമെന്നുണ്ടെങ്കിൽ നോട്ടിസ്സുവേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വില്ലേജ കച്ചേരി നടത്തി വരുന്നതു ആരുടെ സ്ഥലമാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ.

HONEY-SALE OF

404. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) പറമ്പിക്കുളത്തും പരിസരങ്ങളിലുമുള്ള കാടന്മാർ നിത്യം ശേഖരിക്കുന്ന തേൻ സാധാരണ ആക്ക് എത്ര വിലക്കാണ വില്പനനടത്തുന്നതെന്ന ഗവമ്മെണ്ടിനറിയാമോ;

(ബി) തേൻ വാങ്ങുന്നവർ മറ്റു വല്ല കച്ചവടവും നടത്താറുണ്ടോ;

(സി) വെറിലെ, അടക്ക മുതലായ സാധനങ്ങൾ തേൻ വാങ്ങുന്നവർ കാടന്മാക്ക വില്പനനടത്തുന്നുണ്ടെങ്കിൽ എത്ര വിലക്കാണ് വില്പനനടത്തുന്നതെന്ന ഗവമ്മെണ്ടു അന്വേഷിക്കുമോ?

മിസ്റ്റർ സി. ആർ. ഈയ്യണ്ണി:

(എ) കാടന്മാർ ശേഖരിക്കുന്ന തേൻ ആക്കം വില്പനനില്ല. അതിനാൽ വിലയുടെ ചോദ്യം ഉത്ഭവിക്കുന്നില്ല. മലംചരക്ക കുത്തകക്കാരുടെ ആവശ്യവും അനുവാദവും പ്രകാരം കാടന്മാർ സാധനങ്ങൾ ശേഖരിച്ച് അതായ കുത്തകക്കാരെ ഏല്പിക്കുകയാണ ചെയ്യുന്നത്.

(ബി) മേൽ മറുപടികൊണ്ട് ഇതിനു ഉത്തരം ആവശ്യമില്ല.

(സി) ചോദ്യത്തിൽ പറയുന്ന വില്പന നടന്നു വരുന്നതായി അറിവില്ല. എന്നാൽ കാട്ടുപ്രദേശങ്ങളിൽ അടക്ക, വെറിലെ മുതലായ സാധനങ്ങൾ കിട്ടുവാനില്ലാത്തതിനാൽ ടി വക സാധനങ്ങൾ നാട്ടിൽനിന്നും കുത്തക കരാറുകാർ കൊണ്ടുപോയി കാടന്മാക്ക കൊടുത്തു അതുകളുടെ ചിലവു കാടന്മാക്ക ചെല്ലേണ്ടതായ കൂലിയിൽ വകപറഞ്ഞു വരുന്നതായി അറിയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly